ശ്രീ. എം. കെ. രാഘവൻ: നേരെമറിച്ചാണ് ഉണ്ടായിട്ടുള്ളത്. ഈ അംഗീകൃത നടപടിക്രമങ്ങൾക്ക് വിരുദ്ധമായി പ്രലോഭനങ്ങൾക്ക് വഴങ്ങിപ്പോകുന്ന സന്ദർഭങ്ങളാണ് പലപ്പോഴും ഉണ്ടായിട്ടുള്ളത്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ

*680 [737] ശ്രീ. പിണറായി വിജയൻ:
,, കെ. അനിരുദ്ധൻ:
,, എം. കെ. കൃഷ്ണൻ:
,, പി. കരുണാകരൻ:
,, എൻ. വാസുദേവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ജില്ലാ വ്യവസായ കേന്ദ്രത്തിനും കേന്ദ്ര ഗവൺമെന്റ് നൽകുന്ന സഹായമെത്രയാണ്.

(ബി) സംസ്ഥാന ഗവൺമെന്റ് ഓരോ കേന്ദ്രത്തിനും പ്രത്യേകം മുടക്കേണ്ട വിഹിതമെത്ര?

വ്യവസായവും വനവും മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഓരോ ജില്ലാ വ്യവസായ കേന്ദ്രത്തിനും കെട്ടിട നിർമ്മാണത്തിന് രണ്ട് ലക്ഷം രൂപയും, ഫർണിച്ചർ, ടെലഫോൺ, വാഹനം മുതലായവയ്ക്കായി മൂന്നു ലക്ഷം രൂപയും അനാവർത്തന ഗ്രാന്റായി (നോൺ റെക്കറിംഗ് ഗ്രാന്റ്) കേന്ദ്ര ഗവൺമെന്റ് നൽകുന്നു. കൂടാതെ ഓരോ ജില്ലാ വ്യവസായ കേന്ദ്രത്തിനും പ്രതിവർഷം ശമ്പളം, യാത്രപ്പടി, മുതലായവയ്ക്കായി മൂന്നേമുക്കാൽ ലക്ഷം രൂപവരെ കേന്ദ്ര സഹായമായി ലഭിക്കും.

(ബി) മേൽ പറഞ്ഞ ഇനങ്ങളിൽ ഉണ്ടാകാവുന്ന അധികച്ചെലവിനു പുറമേ കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലത്തിന്റെ വിലയും സംസ്ഥാന ഗവൺമെന്റ് വഹിക്കേണ്ടതാണ്.

ശ്രീ. എം. കെ. കൃഷ്ണൻ: ഈ വ്യവസായ കേന്ദ്രങ്ങളിലേക്കുള്ള ഡിസ്ട്രിക്റ്റ് മാനേജർമാരെ നിയമിച്ചു തുടങ്ങിയെന്ന് കേട്ടു. എത്ര ഡിസ്ട്രിക്റ്റുകളിൽ ഡിസ്ട്രിക്റ്റ് മാനേജർമാരെ നിയമിച്ചിട്ടുണ്ടെന്ന് പറയാമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: 11 ഡിസ്ട്രിക്റ്റുകളിലും ഡിസ്ട്രിക്റ്റ് മാനേജർമാരെ നിയമിച്ചിട്ടുണ്ട്. 8 ഡിസ്ട്രിക്റ്റുകളിൽ സ്ഥിരമായി നിയമിച്ചിട്ടുണ്ട്. മറ്റ് ഡിസ്ട്രിക്റ്റുകളിൽ അവർ ഇപ്പോൾ ചാർജ് വഹിക്കുന്നു എന്നേ ഉള്ളു.

ശ്രീ. എം. കെ. കൃഷ്ണൻ: ഡിസ്ട്രിക്റ്റ് മാനേജർമാരെ 11 ഡിസ്ട്രിക്റ്റുകളിലും നിയമിച്ചു. 8 ഡിസ്ട്രിക്റ്റുകളിൽ സ്ഥിരമായി നിയമിച്ചെന്നു പറഞ്ഞു. മാനേജർമാരെ നിയമിക്കലല്ലാതെ അതിനാവശ്യമായ മറ്റ് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ലെന്നു പറഞ്ഞാൽ ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഇപ്പോഴും ഈ കേന്ദ്രങ്ങളിൽ ആളുകളെ നിയമിച്ചു കഴിഞ്ഞതേ ഉള്ളു. അടുത്ത ദിവസങ്ങളിൽ മാത്രമാണ് അത് നടന്നത്. നേരത്തേതന്നെ ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങളും തുടങ്ങിയിരുന്നുവെങ്കിലും ജനറൽ മാനേജർമാരുടെയും ഫംഗ്ഷണൽ മാനേജർമാരുടെയും നിയമനം നടന്നിട്ട് വളരെ കുറച്ച് കാലമേ ആയിട്ടുള്ളൂ. അതിന്റെ പ്രവർത്തനം ആരംഭിച്ചു വരുന്നതേ ഉള്ളു.

ശ്രീ. എ. എ. റഹീം: ഇത്തരം കേന്ദ്രങ്ങളിലുള്ള പുതിയ സംവിധാനം എങ്ങനെയാണെന്നു വിശദീകരിക്കാമോ; പുതുതായി കൊടുക്കുന്ന സംവിധാനത്തിൽ അർഹരായ ആളുകളെ തെരഞ്ഞെടുക്കുന്നതിലും അത് നിയന്ത്രിക്കുന്നതിലും ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ആ തർക്കം കൊണ്ടുതന്നെയാണ് ഡിസ്ട്രിക്റ്റ് സെന്ററിന്റെ പ്രവർത്തനത്തിൽ കാലതാമസം വന്നത്. വ്യവസായവകുപ്പിലുള്ള മുഴുവൻആളുകൾക്കും പ്രൊമോഷന്റെ അടിസ്ഥാനത്തിൽ ഈ പോസ്റ്റുകൾ കിട്ടണമെന്നുള്ളതാണ് അവരുടെ അഭിപ്രായം എന്നാൽ കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശം അതല്ല. അർഹരായ, അനുയോജ്യരായ ആളുകളെ ഡിപ്പാർട്ടുമെന്റിൽനിന്നും വെളിയിൽനിന്നു എടുത്ത് ഈ കാര്യം നടപ്പിലാക്കണം എന്നുള്ളതാണ്. അവസാനം ഗവൺമെന്റ് തീരുമാനിച്ചു, 50 ശതമാനം ഡിപ്പാർട്ടുമെന്റിലുള്ളവരെ പ്രൊമോഷന്റെ അടിസ്ഥാനത്തിലും അല്ലാത്ത 50 ശതമാനം ഡിപ്പാർട്ടുമെന്റിനു വെളിയിൽനിന്നും നിയമപ്രകാരം എടുക്കാം എന്ന്. അതുകൊണ്ടാണ് കാലതാമസം വന്നത്. എല്ലാ ജില്ലകളിലും അത്തരത്തിലുള്ള വ്യവസായ ഓഫീസിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. ചെറുകിട വ്യവസായ കമ്മിഷണറേറ്റ്, ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് ഓഫീസറുടെ ഓഫീസ്. ഇത് രണ്ടും പ്രവർത്തനത്തിലിരിക്കുകയായിരുന്നു. പ്രത്യേകിച്ച് മിനി ഇൻഡസ്ട്രീസിന്റെ പ്രവർത്തനം കൂടി ആരംഭിച്ചപ്പോൾ എല്ലാ ജില്ലകളിലും ഈ ഡിസ്ട്രിക്റ്റ് സെന്ററിന്റെ പ്രാഥമികരൂപം വന്നുകഴിഞ്ഞു. ഇപ്പോൾ ഇതെല്ലാം സംയോജിപ്പിച്ചുകൊണ്ട് ഡിസ്ട്രിക്റ്റ് സെന്റർ എന്നനിലയിൽ ഒരേ ഒരു ഓഫീസിന്റെ പ്രവർത്തനം നടത്തുവാനുള്ള സംവിധാനമാണ് ഉണ്ടാക്കിയിട്ടുള്ളത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കേന്ദ്രത്തിൽനിന്നും വ്യവസായം തുടങ്ങുന്നതിനും തുടങ്ങിയ വ്യവസായങ്ങളുടെ ദുർബ്ബല്യം തീർക്കുന്നതിനും വേണ്ടി എന്തെല്ലാം സഹായങ്ങളാണ് കിട്ടുന്നത്, പണ്ടുണ്ടായിരുന്ന ഡിസ്ട്രിക്റ്റ് ഓഫീസുകളിൽനിന്നും വ്യത്യസ്തമായി എന്താണ് ഇതിന്റെ പ്രവർത്തനം എന്നു വ്യക്തമാക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: വിവിധ വ്യവസായ സംരംഭങ്ങളെ സഹായിക്കുന്ന വിവിധ ഏജൻസികളെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് ഏകോപിപ്പിച്ച് ഒരു ഡിസ്ട്രിക്റ്റിൽ വ്യവസായത്തിനു വരുന്നവർക്ക് എല്ലാസഹായങ്ങളും അവിടെനിന്നുതന്നെ കിട്ടത്തക്കവിധത്തിലാണ് ഡിസ്ട്രിക്റ്റ് സെന്റർ ആസൂത്രണം ചെയ്തിട്ടുള്ളത്. മാത്രമല്ല, സ്റ്റേറ്റു ലെവലിലുള്ള പല അധികാരങ്ങളും ഡിസ്ട്രിക്റ്റ് സെന്ററിൽനിന്നും വികേന്ദ്രീകരിച്ചുകൊടുത്ത് കഴിയുമെങ്കിൽ എല്ലാംകൂടി ഒരു ഡിസ്ട്രിക്റ്റിൽതന്നെ നടത്തുവാൻ വിവിധ വൈദഗ്ദ്ധ്യമുള്ള ഏജൻസികളെയാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഫംഗ്ഷണൽ മാനേജർമാരായി 7 പേരുണ്ടായിരിക്കും. ഇക്കണോമിക് ഇൻവെസ്റ്റിഗേഷൻ മെഷിനറി

LIBRARY ARCHIVES Kerala Legislative Assembly

എക്യുപ്മെന്റ്സ്, റിസർച്ച്, എക്സ്റ്റൻഷൻ, ട്രെയിനിംഗ്, റ മെറ്റീരിയൽസ്, ക്രെഡിറ്റ്, മാർക്കറ്റിംഗ്, കോട്ടേജ് ഇൻഡസ്ട്രീസ് തുടങ്ങിയ കാര്യങ്ങൾക്കെല്ലാം പ്രത്യേകം പ്രത്യേകം വൈദഗ്ദ്ധ്യമുള്ള ആളുകളെ അവിടെ ഉണ്ടായിരിക്കും. വ്യവസായം തുടങ്ങുവാനാഗ്രഹിക്കുന്നവർക്ക് ഇവർ സാങ്കേതികമായ സഹായം നൽകുന്നതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഫംഗ്ഷണൽ മാനേജർമാരെ നിയമിക്കുന്നതാണെന്നു മന്ത്രി പറഞ്ഞു. ഫംഗ്ഷണൽ മാനേജേഴ്സിന്റെ തസ്തികയിൽ പുറത്തുനിന്നും ആളുകളെ എടുക്കുന്നുണ്ട്. ബാങ്ക്, ഖാദി അൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് തുടങ്ങിയവയിൽനിന്നും പലരും വരുന്നുണ്ട്. ബാങ്കിൽ നിന്നുള്ള ആളുകളെ ജോയിൻ ചെയ്തുവെങ്കിലും ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസിന്റെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുവേണ്ടി ഖാദി ബോർഡിൽ നിന്നും എടുക്കേണ്ടവരെ എടുത്തതായി കാണുന്നില്ല. അതിനുള്ള കാലതാമസം എന്താണ്, കഴിയുന്നതും വേഗം ഫംഗ്ഷണൽ മാനേജേഴ്സിനെ നിയമിക്കുന്നതിന് വേണ്ടനടപടി സ്വീകരിക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അവരെ കഴിയുന്നതും വേഗം നിയമിക്കുന്നതാണ്. ലക്ഷം ജോലി അനുസരിച്ച് പുതുതായി കുറെ ഉദ്യോഗങ്ങളുണ്ടാകും. അപ്പോൾ പ്രൊമോഷന്റെയും മറ്റും കാര്യങ്ങളും ഉണ്ടാകും. അതിനെക്കുറിച്ച് തീരുമാനം എടുത്തുകൊണ്ടിരിക്കുകയാണ്. ഉടനെതന്നെ അവരിൽനിന്നും യോഗ്യതയുള്ളവരെ നിയമിക്കുന്നതാണ്.

ശ്രീ. എ. എ. റഹീം: ഇത്തരം ഡിപ്പാർട്ടുമെന്റിൽ ഗവൺമെന്റിന്റെ നടപടിക്രമം അനുസരിച്ചോ നിയമത്തിന്റെ അടിസ്ഥാനത്തിലോ ആരെയെങ്കിലും എടുത്താൽ അവർക്ക് വേണ്ടിടത്തോളം പരിജ്ഞാനം ഇല്ലാതെ കാണുകയാണെങ്കിൽ പ്രത്യേകട്രെയിനിംഗ് കൊടുത്ത് അവരെ ഡിപ്പാർട്ടുമെന്റിൽ തുടരുവാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: യോഗ്യതയുള്ളവരെ എടുക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. അതിനുവേണ്ടിയാണ് പരിശ്രമിക്കുന്നത്. പിന്നെ ആർക്കെങ്കിലും ആവശ്യമായ പരിശീലനം വേണ്ടിവരുകയാണെങ്കിൽ അത് ചെയ്തുകൊടുക്കുന്നതാണ്.

ശ്രീ. കെ. ജെ. ചാക്കോ: ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഫംഗ്ഷണൽ മാനേജർ, ജനറൽ മാനേജർ എന്നീ ഓമനപ്പേരുകളിലായി പല ഉദ്യോഗസ്ഥൻമാരേയും നിയമിക്കുവാൻ പോകുന്നതായി കേൾക്കുകയുണ്ടായി. പല ഉദ്യോഗസ്ഥൻമാരുടെ കൈവഴി ഇതിന്റെ പ്രവർത്തനം കടന്നുപോവുകയാണെങ്കിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ബുദ്ധിമുട്ടും കാലതാമസവും ഉണ്ടാകും. അതു പരിഗണിച്ച് അങ്ങനെയുള്ള ഉദ്യോഗസ്ഥൻമാരെ ചുരുക്കിക്കൊണ്ടു കാര്യങ്ങൾ ഭംഗിയായി നടത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: കാലതാമസം ഒഴിവാക്കാനുള്ള സംവിധാനമാണ് കൈക്കൊണ്ടിട്ടുള്ളത്. പല ഓഫീസുകളിൽ കയറിയിറങ്ങി നടക്കുകയും പല കേന്ദ്രങ്ങളിലും പോവുകയും ചെയ്യുന്നതിനു പകരം ബാങ്കിംഗിന്റെ പ്രതിനിധികളടക്കമുള്ള മുഴുവൻ ആളുകളും ഒരു ഓഫീസിൽതന്നെ കേന്ദ്രീകരിക്കുകയും അവർക്ക് അവിടെവച്ചുതന്നെ സഹായം നൽകുകയും ചെയ്യാനുള്ള സ്കീമാണിത്. അതുകൊണ്ടു കാലതാമസം ഒഴിവാകുമെന്നാണ് ഗവൺമെന്റ് കണക്കാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: കേന്ദ്രഗവൺമെൻറ് ചില സഹായങ്ങൾ ചെയ്യുമെന്നു പറഞ്ഞു. റെക്കറിംഗ് എക്സ്പെൻറിച്ചറിന് തുടർച്ചയായി ഈ ആനുകൂല്യം തരുമോ, അതോ ആദ്യം രണ്ടു മൂന്നു ലക്ഷം രൂപ തന്നിട്ട് പിന്നീട് അത് സ്റ്റേറ്റ് ഗവൺമെൻറിന്റെ തലയിലാകുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: പത്തു കൊല്ലത്തേക്കാണ് കേന്ദ്രഗവൺമെൻറ് സഹായം വാഗ്ദാനം ചെയ്തിട്ടുള്ളത്.

ശ്രീ. പി. ആർ. ശിവൻ: പതിനൊന്നു പേരെ ഡിസ്ട്രിക്റ്റ് മാനേജർമാരായി നിയമിച്ചിട്ടുള്ളതിൽ ഡിപ്പാർട്ടുമെൻറിൽനിന്നും പ്രൊമോഷൻ വഴി വന്നിട്ടുള്ളവർ എത്ര; പുറമേനിന്നും നിശ്ചയിച്ചിട്ടുള്ളവർ എത്ര എന്നു വ്യക്തമാക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: മൂന്നു പേരെയാണ് പ്രത്യേക ഇൻറർവ്യൂ നടത്തി എടുത്തിട്ടുള്ളത്. ബാക്കിയുള്ളവർ സർവ്വീസിലുണ്ടായിരുന്നവരാണ്.

ശ്രീ. ഇ. പി. ഗോപാലൻ: കേന്ദ്രഗവൺമെൻറ് നിർദ്ദേശിച്ചിട്ടുള്ള പാറ്റേൺ അതേപടി അംഗീകരിക്കുകയാണോ, അതല്ല, അതോടൊപ്പം സംസ്ഥാനത്തിന്റെ പ്രായോഗിക നിർദ്ദേശങ്ങൾകൂടി നടപ്പിലാക്കുകയാണോ ചെയ്യുന്നത്?

ശ്രീ. പി. എസ്. ശ്രീനിവാസൻ: എല്ലാ സംസ്ഥാനങ്ങളുടേയും പ്രായോഗികതകൂടി സ്വീകരിക്കുന്നതിന് കേന്ദ്രഗവൺമെൻറിന് മടിയില്ല. പൊതുവായും ചെയ്യുന്നത് കേന്ദ്രഗവൺമെൻറിന്റെ പാറ്റേൺ അനുസരിച്ച് തന്നെയാണ്.

നിലമ്പൂർ ഫോറസ്റ്റ് ഡിവിഷനിൽനിന്നും മുളവെട്ടിക്കൊണ്ടു പോയതായി പരാതി

*681 [738] ശ്രീ. എം. വി. രാഘവൻ:
,, ചടയൻ ഗോവിന്ദൻ:
,, പി. ആർ. ശിവൻ:
,, എൻ. സുബ്രഹ്മണ്യ ഷേണായ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ, പാലക്കാട് ഫോറസ്റ്റ് ഡിവിഷനുകളിൽനിന്ന് ഈയടുത്തകാലത്ത് വ്യാപകമായ തോതിൽ മുള വെട്ടിയിറക്കി പെർമിറ്റില്ലാതെ കടത്തിക്കൊണ്ടുപോയതായ ആക്ഷേപത്തെത്തുടർന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) നടത്തിയിട്ടുണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ട് വെളിവാക്കുന്ന വിവരങ്ങൾ എന്തെല്ലാം;

(സി) റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആരുടെയൊക്കെ പേരിൽ; എന്തൊക്കെ നടപടി?

LIBRARY ARCHIVES Kerala Legislative Assembly